# 24/05/2016 – ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസിൽ ചേർന്ന സംസ്ഥാനതല ഓഡിറ്റ് അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ നിർദ്ദേശാനുസരണം നടത്തപ്പെടുന്ന ഓഡിറ്റ് അവലോകനം യോഗം 24/05/2016 കൃത്യം 10 മണിക്ക് ആരോഗ്യവകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ ശ്രീമതി നീന.ബി-യുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. അവലോകനയോഗം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ ഉദ്ഘാടനം ചെയ്തു.

ആരോഗ്യവകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുകയും അതിന്റെ തുടർനടപടികൾ സ്വീകരിക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് യോഗത്തിൽ പരാമർശിക്കുകയുണ്ടായി. ഓഡിറ്റിനുള്ള മറുപടി യഥാസമയം സമർപ്പിക്കുവാൻ മിക്ക സ്ഥാപനങ്ങളും വിമുഖത കാണിയ്ക്കുന്നതിനാൽ അടിത്തൂൺപ്പറ്റിപ്പിരിഞ്ഞ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് താമസം നേരിടുന്നതായി യോഗത്തിൽ അഭിപ്രായമുണ്ടായി.

തുടർന്ന് നടന്ന യോഗത്തിൽ ഓഡിറ്റ് അവലോകനയോഗം കൂടുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് സീനിയർ ഫിനാൻസ് ഓഫീസർ സംസാരിച്ചു. സർക്കാർ / ഡയറക്ടറേറ്റ്തല നിർദ്ദേശം ഉണ്ടായിട്ടും ഓഡിറ്റുമായി ബന്ധപ്പെട്ട് സമയബന്ധിതമായി മറുപടി ലഭിയ്ക്കാത്തതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് ഉൾപ്പെടെ പൂർണ്ണമായ മറുപടി നൽകാൻ പറ്റാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. ഓഡിറ്റ് നോട്ട്, ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശകൾ എന്നിവയ്ക്ക് ആരും തന്നെ നിശ്ചയിക്കപ്പെട്ട സമയക്രമം പാലിച്ച് കൃത്യമായ മറുപടി നൽകാറില്ല. 10–12 വർഷം മറുപടി നൽകാതെ, സ്ഥാപനങ്ങളിൽ ജീവനക്കാർ വിരമിക്കുമ്പോൾ കോടതിയെ സമീപിക്കുകയും കോടതി വിധിയുടെ

0077657

അടിസ്ഥാനത്തിൽ പലിശയുൾപ്പെടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുകയും വീഴ്ച വരുത്തിയവരിൽ നിന്നും പലിശ ഈടാക്കുവാൻ ഉത്തരവാകുകയും ചെയ്തു വരുന്നു. ഇങ്ങനെ സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്തുവാൻ നടപടിയെടുക്കേണ്ടതായ സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. ആയതിനാൽ ഓഡിറ്റ് ഫയലുകളിൽ യഥാസമയം മറുപടി നൽകിയില്ലെങ്കിൽ ജീവനക്കാരുടെ വേതനം തടഞ്ഞുവയ്ക്കുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

ക്രമക്കേടുകളും തിരിമറികളും സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ നഷ്ടം ഈടാക്കാൻ അറിയിപ്പ് ലഭിച്ചിട്ടുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ റിക്കവറി നടപടി ഉടൻതന്നെ സ്വീകരിക്കേണ്ടതും ടി വിവരം ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എ.എം.സി മീറ്റിംഗുകളുടെ അറിയിപ്പ് പ്രകാരം യോഗത്തിൽ പങ്കെടുക്കാതിരിക്കുന്നത് ഗൗരവകരമായി കാണുകയും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. ജനറൽ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യുന്ന ഗൗരവത്തോടുകൂടിത്തന്നെ ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ തുടങ്ങിയ ഫണ്ടുകൾ കൈകാര്യം ചെയ്യണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി.

തുടർന്ന് വിവിധ ജില്ലകൾ ഓഡിറ്റ് സംബന്ധമായ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും നിലവിൽ ഓരോ ജില്ലയിലും നടത്തിവരുന്ന എ.ജി- യുടെ അദാലത്ത് മുഖേന ദീർഘകാലമായി തീർപ്പാക്കാത്ത ധാരാളം തടസ്സവാദങ്ങൾ തീർപ്പാക്കാൻ കഴിഞ്ഞതായും ടി അദാലത്തുകൾ നിശ്ചിതകാലയിടവേളകളിൽ നടത്തുന്നത് ഫലപ്രദമായിരിക്കുമെന്നും വിവിധ ജില്ലകൾ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥർ അഭിപ്രായപ്പെടുകയുണ്ടായി.

യോഗം 1 മണിക്ക് സമാപിച്ചു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**

**കെ.ജി**

0077656